**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1609**

10.02.2020 ൽ മറുപടിയ്ക്ക്

## <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ് :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| (എ) | 2020 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കു നടക്കുന്ന തെരഞ്ഞെടുപ്പിനു മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് വിഭജനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ വാർഡ് വിഭജനത്തിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം അറിയിക്കുമോ? | (ബി) | നിലവിൽ വാർഡ് വിഭജനത്തിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>**ഗ്രാമ പഞ്ചായത്ത്**<br>ജനസംഖ്യ 15000 വരെ 13 വാർഡ് അധികരിക്കുന്ന ഓരോ 2500 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 23 വാർഡ്.<br>**ബ്ലോക്ക് പഞ്ചായത്ത്**<br>ജനസംഖ്യ 150000 വരെ 13 വാർഡ് അധികരിക്കുന്ന ഓരോ 25000 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 23 വാർഡ്. |

| | | | |
|---|---|---|---|
| | | | **ജില്ലാ പഞ്ചായത്ത്**<br>ജനസംഖ്യ 1000000 വരെ 16 വാർഡ്<br>അധികരിക്കുന്ന ഓരോ 100000 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 32 വാർഡ്.<br>**മുനിസിപ്പാലിറ്റി**<br>ജനസംഖ്യ 20000 വരെ 25 വാർഡ്<br>അധികരിക്കുന്ന ഓരോ 2500 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 52 വാർഡ്.<br>**മുനിസിപ്പൽ കോർപ്പറേഷൻ**<br>ജനസംഖ്യ 400000 വരെ 55 വാർഡ്<br>അധികരിക്കുന്ന ഓരോ 10000 പേർക്കും 1 വാർഡ് വീതം അധികമായി പരമാവധി 100 വാർഡ്. |

Pradeepkumar

**സെക്ഷൻ ഓഫീസർ**